


# ആ കാഴ്ചയിൽ തകർന്നു പോയി ഞാൻ

**അമേരിക്കയിൽ എൻജിനീയറായിരുന്ന മിനി വാസുദേവന്റെ ഇപ്പോഴത്തെ ജീവിതം കോയമ്പത്തൂരിലെ തെരുവ് മൃഗങ്ങൾക്ക് വേണ്ടിയാണ്**

കോയമ്പത്തൂരിലെ 'ഹ്യൂമെയ്ൻ ആനിമൽ സൊസൈറ്റി'യുടെ സീരനായ്ക്കൻ പാളയത്തെ ക്ലിനിക്. വലിയ മതിൽക്കെട്ടിനകത്ത് പച്ച ചായമടിച്ച കൂടുകളുണ്ട്. ചെന്നു കയറിയപ്പോഴേ കൂടുകളിൽ നിന്ന് വെടിച്ചില്ലു പോലെ കുരകൾ പുറത്തേക്കു തെറിച്ചു വീണു.

ഓരോ കൂട്ടിലുമുള്ള തെരുവുനായ്ക്കൾക്കു പറയാൻ വേദനയുടെ വലിയ കഥകളുണ്ട്. ആ കഥകളിലെ വില്ലന്മാർ പലപ്പോഴും മനുഷ്യർ തന്നെയാണ്. ചൂടുവെള്ളമൊഴിച്ചും കാൽ തല്ലിയൊടിച്ചും വണ്ടിയിടിപ്പിച്ചും കൊല്ലാക്കൊല ചെയ്ത കണ്ണീരുറഞ്ഞ കഥകൾ.

ചില നായ്ക്കളുടെ കാലുകൾ മുറിച്ചു കളഞ്ഞിട്ടുണ്ട്. ഒടിഞ്ഞു പോയ കാലിന്റെ വേദനയിൽ ചിലർ തട്ടിത്തടഞ്ഞു നടക്കുന്നു. സത്യത്തിൽ ഈ മതിൽക്കെട്ട് ഇവർക്ക് മരണത്തിൽ നിന്ന് ജീവിതത്തിലേക്കുള്ള മണ്ണാണ്. ഈ തണലിലേക്ക് അവരെ കൊണ്ടു വന്നത് മലയാളിയായ മിനി വാസുദേവനും.

അമേരിക്കയിൽ വലിയ ശമ്പളത്തിൽ ജോലി ചെയ്തിരുന്ന മലയാളിയായ മിനി വാസുദേവന്റെ ഇപ്പോഴത്തെ ജീവിതം തെരുവിൽ ഉപേക്ഷിക്കപ്പെടുന്ന മൃഗങ്ങൾക്കു വേണ്ടിയാണ്. ആ സ്നേഹം കൊണ്ടാകാം 'സൈലൻസ്' എന്ന് മിനി വാസുദേവൻ ഉറക്കെ പറഞ്ഞതോടെ കുരകളുടെ ഇടിവെട്ട് ഒറ്റയടിക്ക് കുറഞ്ഞു പോയത്. പുഞ്ചിരിയോടെ നടന്നു വന്ന മിനിക്കൊപ്പം പിന്നിലെ കാലുകൾക്കു പകരം രണ്ടു ചക്രങ്ങൾ പിടിപ്പിച്ച വാക്കറിൽ 'ബിന്ദി'യും വന്നു.

## ബിന്ദിയുടെ കഥ

കുറുമ്പിയാണ് ബിന്ദി. കോയമ്പത്തൂരിലെ റോഡിൽ വച്ച് പിൻകാലിലൂടെ സ്കൂട്ടർ കയറിയിറങ്ങി. രണ്ടു കാലും തകർന്നു. നട്ടെല്ലിനും പരുക്ക്. കുറേ ദിവസങ്ങൾ തെരുവിൽ മരണവും കാത്തു കിടന്നു. അങ്ങനെയാണ് ഹ്യൂമെയ്ൻ ആനിമൽ സൊസൈറ്റി (എച്ച്എഎസ്) യുടെ പ്രവർത്തകരെത്തി രക്ഷിക്കുന്നത്. സർജറിക്കും ഫിസിയോതെറപ്പിക്കും ശേഷം ചക്രം പിടിപ്പിച്ച വാക്കർ പിടിപ്പിച്ചാൽ നടക്കാമെന്നായി. എന്നാൽ അധികനേരം വാക്കറിന്റെ ഭാരവും വലിച്ച് നടക്കാനാകില്ല. അത് അഴിച്ചു മാറ്റിയാൻ പിന്നെ, അനങ്ങാനും കഴിയില്ല.

"ഇവിടെയുള്ള ഓരോ നായയ്ക്കും കഥയുണ്ട്. ചിലതെല്ലാം കൂടിനു മുന്നിൽ എഴുതി വച്ചിട്ടുണ്ട്. ഇവിടെയുള്ള എല്ലാവർക്കും അവരുടെ സ്വഭാവത്തിന് അനുസരിച്ചുള്ള പേരാണ് നൽകാറുള്ളത്. ആ ഓടി വരുന്നതാണ് പുഷ്ടി, കാണുമ്പോൾ തന്നെ ഉഷാറു തോന്നുന്നില്ലേ? നന്നായി ഭക്ഷണം കഴിക്കും. ആക്ടീവ് ആണ്. അതുപോലെ എപ്പോഴും ചിരിക്കുന്ന മുഖവുമായുള്ളതിന് ജോയ് എന്നാണ് പേരിട്ടത്. എപ്പോഴും മുരളുന്ന സ്വഭാവമുള്ളത് റോബിൻ...

ഇതുവരെ അൻപതിനായിരത്തിലേറെ തെരുവുനായ്ക്കളുടെ ജീവിതത്തിൽ പോസിറ്റീവായ ഇടപെടലുകൾ എച്ച്എഎസ് നടത്തിയിട്ടുണ്ട്. ഇതൊരു ആശുപത്രി തന്നെയാണ്. ഇവിടെ വരുന്ന എല്ലാ മൃഗങ്ങൾക്കും സ്വന്തമായി ഒരു റെക്കോർഡ് ഉണ്ടാകും. പൂച്ചയേയും കുതിരയെയുമെല്ലാം റെസ്ക്യൂ ചെയ്തിട്ടുണ്ടെങ്കിലും കൂടുതലായും തെരുവുനായ്ക്കളെ ആണ് രക്ഷിച്ചിരിക്കുന്നത്.

തെരുവുനായ്ക്കളുടെ ജനനനിയന്ത്രണങ്ങൾ മുതൽ അപകടത്തിൽ പെടുന്ന മൃഗങ്ങളുടെ ചികിത്സ വരെ ചെയ്യുന്നു. ചികിത്സയ്ക്കു ശേഷം അവയ്ക്ക് പരസഹായമില്ലാതെ ജീവിക്കാൻ പറ്റും എന്നാകുമ്പോൾ എവിടെ നിന്നാണോ കിട്ടിയത് അവിടെ കൊണ്ടുപോയി വിടും.

അതുപോലെ മൃഗസ്നേഹികൾക്ക് ക്ലിനിക്കിലുള്ള ഇവരുടെ ജീവിതം ദത്തെടുക്കാം, ആ കാണുന്ന എഡ്ഗറിനെ ജർമനിയിലുള്ളവർ ദത്തെടുത്തിട്ടുണ്ട്. ഉടൻ അവൻ ജർമനിക്കു പോകും.

അംഗഭംഗം വന്ന് സ്ഥിരമായി ഇവിടെ കഴിയുന്ന ഒരുപാ

**ഇവിടെയുള്ള ഓരോ നായയ്ക്കും അതിന്റെ കഥയുണ്ട്**

